ദേശാഭിമാനി KK
2010 ഏപ്രിൽ 24 ശനി 9

# അക്ഷയ പദ്ധതി: കലാജാഥ ഇന്ന് തുടങ്ങും

കൽപ്പറ്റ: സംസ്ഥാന സർക്കാരും ഐടി മിഷനും സംയുക്തമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന അക്ഷയ പദ്ധതി പ്രധാന്യം വിവരിച്ച് കലാജാഥ നടത്തുന്നു. ശനിയാഴ്ച കാലത്ത് പത്തിന് കൽപ്പറ്റ പുതിയ ബസ്സ്റ്റാന്റ് പരിസരത്ത് നടക്കുന്ന ചടങ്ങ് മുനിസിപ്പൽ ചെയർപേഴ്സൺ പി ആർ നിർമല ഉദ്ഘാടനം ചെയ്യും. പദ്ധതിവഴി ലഭ്യമാകുന്ന സേവനങ്ങൾ പൊതുജനങ്ങളിലെത്തിക്കുകയാണ് കലാജാഥയിലൂടെ ഉദ്ദേശിക്കുന്നത്.

2010 ഏപ്രിൽ 24 ശനി
മലയാള മനോരമ

# അക്ഷയ പദ്ധതി: കലാപരിപാടികൾ ഇന്നു തുടങ്ങും

കൽപ്പറ്റ: സംസ്ഥാന സർക്കാരും സംസ്ഥാന ഐടി മിഷനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പാക്കുന്ന അക്ഷയയുടെ സേവനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി തെരുവുനാടകം ഉൾപ്പെടെയുള്ള കലാപരിപാടികൾ സംഘടിപ്പിക്കും. ജില്ലാതല ഉദ്ഘാടനം ഇന്നുപത്തിന് പുതിയബസ്സ്റ്റാൻഡ് പരിസരത്തു നഗരസഭാധ്യക്ഷ പി.ആർ. നിർമല നിർവഹിക്കും.